പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.256* 13/03/2020 ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. എം. നൗഷാദ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സി.ബി.എസ്.ഇ.സിലബസിൽ അധ്യയനം നടത്തിക്കൊണ്ടിരുന്ന എറണാകുളത്തെ അരൂജാസ് സ്കൂളിലെ പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിക്കാതെ പോയതിന്റെ പശ്ചാത്തലത്തിൽ മറ്റ് സ്കൂളുകളിൽ രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിക്കുന്നവയുൾപ്പെടെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ കണ്ടെത്തി അടച്ചു പൂട്ടാൻ നടപടിയെടുക്കുമോ; | (എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ സിലബസിലും സ്റ്റേറ്റ് സിലബസിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിനുള്ള അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നതു ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയുണ്ടായി. അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂൾ അധികൃതർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തി വയ്ക്കുകയും ഇത്തരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 01.03.2019 ലെ ജി.ഒ(എം,.എസ്)നം. 22/2019/പൊ.വി.വ പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സിലബസുള്ള സ്കൂളുകൾക്കും 22.05.2019 ലെ ജി.ഒ(എം,.എസ്)നം. 45/2019/പൊ.വി.വ പ്രകാരം സ്റ്റേറ്റ് സിലബസുള്ള സ്കൂളുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ തലത്തിൽ അംഗീകാരം/എൻ.ഒ.സി നൽകുകയും ചെയ്തു വരുന്നു. ഈ നടപടി പൂർത്തീകരിക്കുന്നതോടൊപ്പം അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതെയോ അംഗീകാരം ലഭിക്കാതെയൊ ഇനിയും അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾ ഉണ്ടെങ്കിൽ അത് സംബന്ധമായ തുടർ നടപടികളെ കുറിച്ചാലോചിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ 'സമ്പൂർണ്ണ' വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്ന ഉത്തരവ് സംസ്ഥാനേതര സിലബസനുസരിച്ച് അധ്യയനം നടത്തുന്ന സ്കൂളുകൾ പാലിക്കുന്നുണ്ടോ എന്നുറപ്പാക്കാൻ സാധിക്കുമോ; | (ബി) | സംസ്ഥാന സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾക്കു പുറമെ, സംസ്ഥാനേതര സിലബസുകളായ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്നീ സിലബസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങളും സമ്പൂർണ്ണ വെബ്സൈറ്റിലൂടെ ഓൺലൈനായി ശേഖരിക്കുന്നതിനു മുന്നോടിയായി, ഈ സിലബസുകളിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും സമ്പൂർണ്ണയിൽ പ്രവേശിക്കുന്നതിനും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള വ്യക്തിഗത ലോഗിൻ വിവരങ്ങൾ കൈറ്റിൽ നിന്നും 2019-20 അദ്ധ്യയന വർഷം നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഈ സംവിധാനത്തിലൂടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, വരുന്ന അദ്ധ്യയന വർഷത്തിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നു എന്നുറപ്പ് വരുത്താൻ കഴിയുന്നതാണ്. |
| (സി) | അൺ എയിഡഡ് സ്കൂളുകൾക്ക് അംഗീകാരമോ എൻ.ഒ.സി.യോ നൽകുന്നതിനുള്ള മാനദണ്ഡം അറിയിക്കാമോ; സ്കൂളുകൾ ഇവ പാലിക്കുന്നുണ്ടെന്നുറപ്പുവരുത്താൻ ഏതെങ്കിലും തരത്തിലുള്ള പരിശോധന സാധ്യമാണോ; | (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകൾക്ക് സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ അംഗീകാരത്തിനുള്ള എൻ.ഒ.സി.യോ അംഗീകാരമോ നൽകുന്നതിന് അതാത് കാലങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേഷനുള്ള എൻ.ഒ.സി യ്ക്കു വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിന് 01.03.2019 ലെ ജി.ഒ.(എം.എസ്)നം.22/2019/പൊ.വി.വ പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഓരോ സ്കൂളധികൃതരും എൻ.ഒ.സിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്കൂളും രേഖകളും സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏതു സമയത്തും പരിശോധിക്കാവുന്നതാണ് എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള പരിശോധന സാധ്യമാണ്. |

(ഡി) എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടിരുന്നോ; എണ്ണത്തിലെ കൃത്യത ഉറപ്പാക്കാനായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(ഡി) ശ്രദ്ധയിൽപ്പെട്ടിരുന്നു. നിലവിലെ UID സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ